**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4672</u> 28/06/2013-ൽ മറുപടിയ്ക്ക്

**<u>അട്ടപ്പാടിയിൽ ഹോൾട്ടികൾച്ചർ മിഷന് കീഴിലുള്ള പദ്ധതി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശശി | | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) അട്ടപ്പാടിയിൽ ഹോൾട്ടികൾച്ചർ മിഷന് കീഴിലുള്ള കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിലും പട്ടിക വർഗ്ഗ വികസന വകുപ്പും സംയുക്തമായി ആരംഭിച്ച പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) | അട്ടപ്പാടിയിൽ പച്ചക്കറികൃഷി, വാഴകൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനും, ഉല്പന്നങ്ങളുടെ വിപണന സൗകര്യം ഒരുക്കുന്നതിനുമായി പട്ടിക വർഗ്ഗവികസന വകുപ്പ് ഒരുകോടി രൂപ വി.എഫ്.പി.സി.കെ യ്ക്ക് അനുവദിച്ചിട്ടുണ്ട്. 50 ഏക്കറിൽ പച്ചക്കറികൃഷി, 60 ഏക്കറിൽ വാഴ കൃഷി എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ധനസഹായത്തോടെ ആദിവാസി കർഷകരെ കൊണ്ട് ചെയ്യിപ്പിക്കുവാനും കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കി അവർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുവാനും വിപണന സൗകര്യം വിപുലീകരിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു. 2 കളക്ഷൻ സെന്ററുകൾ, ഒരു മാർക്കറ്റ് എന്നിവ ഈ മേഖലയിൽ പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. ഷോളയൂർ, പൂത്തൂർ മേഖലകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) ഈ പദ്ധതിക്കായി എത്ര രൂപയാണ് വക കൊള്ളിച്ചിട്ടുള്ളതെന്നും ഏതെല്ലാം ഊരുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; | ബി) | ഒരു കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. പൂത്തൂർ പഞ്ചായത്തിൽ ചീരക്കടവ്, ചാവയൂർ, ചാവടിയൂർ, പൂത്തൂർ എന്നിവിടങ്ങളിലും ഷോളയൂർ പഞ്ചായത്തിൽ കോഴിക്കുടം, മാരനട്ടി എന്നീ സ്ഥലങ്ങളും കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| സി) | ആദിവാസികളല്ലാത്തവർക്ക് പദ്ധതിയിൽ പങ്കാളിത്തമുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് പങ്കാളികൾ എന്ന് വിശദീകരിക്കാമോ; | സി | ആദിവാസികളല്ലാത്തവർക്ക് ഈ പദ്ധതിയിൽ പങ്കാളിത്തം ഇല്ല |
| ഡി) | പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | ഡി) | 2,04,000/- രൂപ വാഴകൃഷി സഹായത്തിനായി വിതരണം ചെയ്തു. മറ്റ് പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| ഇ) | ഏത് ഫണ്ടിൽ നിന്നാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഇ) | പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ 2225-02-800-23 ശീർഷകത്തിൽ TSP Pooled Fund (Plan) 2012-13 ൽ നിന്നാണ് കൗൺസിലിന് ഈ തുക അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ